-ാം വർഷം 9

2025

മെയ് 04

ഉയർപ്പ് മൂന്നാം ഞായർ

# Laity Reflect on SYRO-MALABAR SUNDAY MASS SCRIPTURE READINGS



# അറിഞ്ഞ വഴികൾ, അറിയാത്ത വഴികൾ

ഏശ 56:1-7, ശ്ലീഹ 5:34-42, എഫേ 1:3-14, യോഹ 14:1-14

ആശയ വ്യക്തത ആണ് യേശുവിന്റെ അനന്യത തന്റെ ലക്ഷ്യവും മാർഗ്ഗവും രണ്ടാവില്ല, അവഎന്നും എപ്പോഴും ഒന്നാണ് എന്ന നിലപാട് അതിന്റെ ഭാഗമാണ്. ലക്ഷ്യം മാർഗ്ഗത്തെ സാധൂകരിക്കും, എങ്ങിനെയും കാര്യം നേടിയാൽ മതി എന്ന ചിന്ത മറ്റ് പല ചിന്താധാരകളിലും ഉണ്ട്. എന്നാൽ ലക്ഷ്യവും മാർഗ്ഗവും ഒരേ പോലെ പ്രധാനമാണ്, രണ്ടും ഒരേ പോലെ ശുദ്ധവും സത്യവുമാവണം എന്ന യേശുവിന്റെ മതം അസന്ദിഗ്ധമാണ്. ക്രിസ്തുമതത്തെ സ്വീകരിക്കാൻ തയ്യാറുള്ളവർ സ്വജീവിതത്തിൽ സഞ്ചരിക്കേണ്ടത് ഏത് വഴിയിലൂടെയാണ് എന്നാണ് യേശു ഈ സുവിശേഷ ഭാഗത്തിൽ വ്യക്തമാക്കുന്നത്.

യോഹന്നാൻ പന്ത്രണ്ടാം അദ്ധ്യായം മുതൽ ആരംഭിക്കുന്ന യേശുവിന്റെ അവസാന ആഴ്ച്ച ഇരുപതാമത്തെ അദ്ധ്യായത്തിലെ ഉയിർപ്പിൽ ചെന്നെത്തും വരെ വായിക്കുക. വാക്കും പ്രവർത്തിയും ഒന്നാകുന്ന യേശുവിന്റെ കഠിന ജീവിത പരീക്ഷണങ്ങൾ ആണ് അവിടെ കാണുക. വിവിധ തലങ്ങളിലും ആഴങ്ങളിലും തന്റെ ജീവിത ലക്ഷ്യങ്ങൾ നീണ്ട സംസാരങ്ങളിലൂടെ ഇതിനിടയിൽ യേശു തുടർച്ചയായി വെളിപ്പെടുത്തുന്നു. അതിൽ പ്രധാനമാണ്, യോഹന്നാൻ 14.

**അറിയുക**

പല കാര്യങ്ങൾ അറിയുന്നതിനെ കുറിച്ച് ഇവിടെ പറയുന്നുണ്ട്. യേശു പോകുന്നിടത്തെക്കുള്ള വഴിയും, പോകുന്നത് എവിടേക്കാണ് എന്നും




അഡ്വ. ലിറ്റോ പാലത്തിങ്കൽ

അറിഞ്ഞാൽ മാത്രമേ നമ്മൾ യേശുവിനെ അറിയുകയുള്ളൂ. യേശുവിനെ അറിഞ്ഞാൽ മാത്രമേ നമ്മൾ പിതാവിനെ അറിയുകയുള്ളൂ. അതായത്, ഇതൊക്കെ അറിയാൻ ഉള്ള ശ്രമങ്ങളാണ് ദൈവത്തിലേക്കുള്ള യാത്രയിൽ നമുക്ക് വഴികാട്ടികൾ ആകുക എന്നും ഇവിടെ യേശു വ്യക്തമാക്കുന്നു.

പീലിപ്പോസിനോട് യേശു ചോദിക്കുന്നു, ഇക്കാലമത്രയും ഞാൻ നിങ്ങളോട് കൂടെ ആയിരുന്നിട്ടും പീലിപ്പൊസെ, നീ എന്നെ അറിയുന്നില്ലേ? ഈ ചോദ്യം ക്രിസ്ത്യാനിയായി ജീവിക്കുന്ന എല്ലാവരോടും ഉള്ള ചോദ്യമാണ്. നമുക്ക് ജീവിതത്തിൽ യേശുവിനെ കാണാൻ കഴിയുന്നുണ്ടോ? യേശു പറയുന്നു, 'എന്നിൽ വിശ്വസി ക്കുന്നവനും ഞാൻ ചെയ്യുന്ന പ്രവർത്തികൾ ചെയ്യും'. അപ്പോൾ യേശുവിൽ നാം വിശ്വസിക്കുന്നുണ്ടോ എന്നറിയുവാൻ ഒരു കാര്യം നോക്കിയാൽ മതി, നമ്മൾ ചെയ്യുന്ന പ്രവർത്തികൾ യേശു ചെയ്യുന്ന പ്രവർത്തികൾ ആണോ അല്ലയോ? നമ്മുടെ ഉള്ളിൽ വസിക്കുന്നത് ദൈവമാണെങ്കിൽ ആ പിതാവ് തന്റെ പ്രവർത്തികൾ നമ്മിലൂടെ ചെയ്യും. അതായത് നമ്മുടെ പ്രവർത്തികൾ നമ്മിൽ ദൈവം ഉണ്ടോ ഇല്ലയോ എന്ന് തെളിയിക്കും. നമ്മുടെ പ്രവർത്തികൾ യേശുവിന് സമാനമല്ലെങ്കിൽ യേശുവിനെ അറിയുമോ, നന്നായി അറിയുമോ എന്നൊക്കെ സ്വയം ചോദിക്കുവാൻ നാം തയ്യാറാവണം.

## വഴി, സത്യം, ജീവൻ

ഹീബ്രുവിലെ ദെറെക് എന്ന വാക്കിന് വഴി എന്നതിനോടൊപ്പം ജീവിതശൈലി എന്നും അർത്ഥമുണ്ട്. നമ്മുടെ ജീവിതം ദൈവത്തിലേക്കാണ് നീളുന്നത് എങ്കിൽ അതിന് യോജിക്കുന്ന ജീവിതശൈലി നമുക്ക് ഉണ്ടാകാതെ പറ്റില്ല. നമ്മുടെ ജീവിതം സത്യത്തെ മുറുകെ പിടിക്കുന്നതാണെങ്കിൽ അതിന് യേശുവിന്റെ ജീവന്റെ വിലയുണ്ടാകും. വഴിയും സത്യവും ജീവനും ഒന്നാകുന്നത് അപ്പോഴാണാണ്.



പല തരം വഴികളെ നമുക്കറിയാം. എളുപ്പവഴി, സൂത്രവഴി, നേരായ വഴി, വളഞ്ഞ വഴി, കുറുക്ക് വഴി. ഇതിൽ നിന്ന് വ്യത്യസ്തമായി കരുണയുടെ വഴിയും ത്യാഗത്തിന്റെ വഴിയും സഹനത്തിന്റെ വഴിയും ആണ് യേശുവിന്റെ വഴികൾ. ഈ വഴികൾ അതിൽ തന്നെ സത്യമുള്ളതും ജീവനുള്ളതും ആണ്. അതൊരു ജീവിത ശൈലിയാണ്. ആ ശൈലി നമ്മുടെ ജീവിതത്തിൽ ഉറപ്പാക്കുകയും ആ വഴി തന്നെ ജീവിതമാക്കി മാറ്റുകയുമാണ് നാം ചെയ്യേണ്ടത്. അപ്പോൾ

വഴിയും സത്യവും ജീവനും ഒന്നാകും. അതാണ് യേശുവിലേക്കുള്ള വഴിയും പിതാവിലേക്കുള്ള യേശുവിന്റെ വഴിയും. ആ വഴിയിൽ യാത്ര ചെയ്യുമ്പോൾ യേശുവിന്റെ നാമത്തിൽ നാം ചോദിച്ചാൽ യേശു അത് നമുക്ക് തരും. അതായത് യേശുവിനോട് പ്രാർത്ഥിക്കുന്നവൻ യേശുവിന്റെ, യേശുവിലേക്കുള്ള വഴിയിൽ നിന്നിട്ട് വേണം ആവശ്യങ്ങൾ പറയുവാൻ. നമ്മൾ പോകേണ്ട ദിക്കിലേക്കുള്ള വാഹനത്തിൽ ആണോ നാം യാത്ര ചെയ്യുന്നത് എന്ന് നാം ഇടയ്ക്ക് സ്വയം പരിശോധിക്കുന്നത് നല്ലതല്ലേ? മറ്റൊരിടത്തേക്ക്, മറ്റൊരു ലക്ഷ്യത്തിലേക്ക് വഴി തെറ്റി പോകുന്ന സാഹചര്യത്തിൽ നിന്ന് യേശുവിന്റെ ജീവിതവഴിയിലേക്ക് നമുക്ക് തിരികെ എത്താം, അവനിലെ സത്യത്തെയും അവൻ നൽകുന്ന ജീവനെയും സ്വീകരിക്കാം , അങ്ങിനെ അവന്റെ ശിഷ്യനാകാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com